# കേരളസർവകലാശാല

നം.പി.ആർ.188/2023 തിരുവനന്തപുരം, തീയതി: 15/09/2023

## പത്രക്കുറിപ്പ്

**കേരള സർവകലാശാല:**
**ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം – 2023**
**സ്പോട്ട് അലോട്ട്മെന്റ് – എസ്.സി./എസ്.ടി./ജനറൽ/എസ്.ഇ.ബി.സി./മറ്റ് സംവരണ വിഭാഗങ്ങൾക്കും**

**തിരുവനന്തപുരം മേഖലയിലെ കോളേജുകളിലേക്ക് സെപ്റ്റംബർ 21, 23 തീയതികളിലും, ആലപ്പുഴ മേഖലയിലെ കോളേജുകളിലേക്ക് സെപ്റ്റംബർ 25 നും, കൊല്ലം മേഖലയിലെ കോളേജുകളിലേക്ക് സെപ്റ്റംബർ 26 നും**

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവണ്മെന്റ്/എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദാനാന്തരബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് മേഖലാ തലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു.

| മേഖല | തീയതി | പ്രോഗ്രാമുകൾ | സ്ഥലം |
|---|---|---|---|
| തിരുവനന്തപുരം | സെപ്റ്റംബർ 21 | All MSc, Mcom courses | കേരള സർവകലാശാല സെനറ്റ് ഹാൾ, പാളയം, തിരുവനന്തപുരം. |
| | സെപ്റ്റംബർ 23 | All MA courses | |
| ആലപ്പുഴ | സെപ്റ്റംബർ 25 | All courses | മാർ ഗ്രിഗോറിയസ് കോളേജ് , പുന്നപ്ര . |
| കൊല്ലം | സെപ്റ്റംബർ 26 | All courses | എസ്. എൻ കോളേജ്, കൊല്ലം. |

വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിൻ്റൗട്ടുമായി മുകളിൽ പറഞ്ഞിരിക്കുന്ന സെൻ്ററുകളിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ സമയം 8 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെൻ്റ് സെൻ്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. ഏതെങ്കിലും കാരണത്താൽ നേരിട്ട് ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (Authorization Letter) നൽകി രക്ഷകർത്താവിനെ അയക്കാവുന്നതാണ്.

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെൻ്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി. വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെൻ്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും (Non-creamy Layer Certificate for SEBC Candidates, Community Certificate for SC-ST Candidates, EWS Certificate for EWS Candidates) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ ഉണ്ടായിരിക്കണം.

മൈനോറിറ്റി സ്റ്റാറ്റസുള്ള കോളേജുകളിൽ (പ്രോസ്പക്ടസ് പേജ് നം.68 കാണുക) ഒഴിവുള്ള എസ്.സി./എസ്.ടി. സീറ്റുകൾ ടി സ്പോട്ടിൽ നികത്തുന്നതാണ്. പ്രസ്തുത വിഭാഗങ്ങളിലെ കുട്ടികളുടെ അഭാവത്തിൽ ആ സീറ്റുകൾ അതാത് കോളേജുകളിലെ കമ്മ്യൂണിറ്റി ക്വാട്ടയിൽ നികത്തപ്പെടുന്നതാണ്.

കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതുവരെ അഡ്മിഷൻ ഫീ അടയ്ക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട് അലോട്ട്മെൻ്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി/OEC വിഭാഗങ്ങൾക്ക് 200/-രൂപ, ജനറൽ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1030/- രൂപ) അടയ്ക്കേതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുൻപ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പ്രസ്തുത പേയ്മെൻ്റ് രസീതിൻ്റെ കോപ്പി കൈയിൽ കരുതേണ്ടതാണ്.

വിവിധ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ് സൈറ്റിൽ (https://admissions.keralauniversity.ac.in/pg2023/) പ്രസിദ്ധീകരിക്കുന്നതാണ്.

## കേരള സർവകലാശാല: ബിരുദാനന്തര ബിരുദ പ്രവേശനം – 2023 രണ്ടാംഘട്ട സ്പോർട്സ് ക്വാട്ട സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ രണ്ടാംഘട്ട സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിലേക്കുള്ള സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായി. സ്പോർട്സ് ക്വാട്ട ഓപ്ഷൻ നൽകിയ വിദ്യാർത്ഥികൾക്ക് പ്രൊഫൈലിൽ നിന്നും വെരിഫിക്കേഷൻ സ്റ്റാറ്റസ് പരിശോധിക്കാവുന്നതാണ്.

സർട്ടിഫിക്കറ്റ് റിജക്ടായ വിദ്യാർത്ഥികൾക്ക്, നിലവിൽ അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റിൻ്റെ ന്യൂനത പരിഹരിച്ച് 2023 സെപ്റ്റംബർ 17, 5 മണി വരെ പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്യാവുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ ലഭിക്കുന്ന പരാതികൾ പരിഗണിച്ചതിനു ശേഷം ഫൈനൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തുത തീയതിക്ക് ശേഷം ലഭിക്കുന്ന പരാതികൾ

പരിഗണിക്കുന്നതല്ല. പരാതികൾ സർവകലാശാലയിലേക്ക് നേരിട്ടോ ഇ-മെയിൽ മുഖേനയോ അയയ്ക്കേണ്ടതില്ല.

## പ്രാക്ടിക്കൽ

കേരളസർവകലാശാലയുടെ അഞ്ചും, ആറും സെമസ്റ്റർ ബി.ടെക്. ഡിഗ്രി ജനുവരി 2023 പരീക്ഷയുടെ (2008 സ്കീം) സിവിൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിലെ പ്രാക്ടിക്കൽ പരീക്ഷകൾ സെപ്റ്റംബർ 25, 26 തീയതികളിൽ പൂജപ്പുര എൽ.ബി.എസ്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമണിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2023 ഒക്ടോബർ 9 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ഡിപ്ലോമ ഇൻ ട്രാൻസലേഷൻ സ്റ്റഡീസ് (ഡി.ടി.എസ്.) പരീക്ഷയ്ക്ക് പിഴയില്ലാതെ സെപ്റ്റംബർ 21 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 26 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 29 വരെയും അപേക്ഷിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries**helpdesk@keralauniversity.ac.in**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**